**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 958** **29-08-2022 - ൽ മറുപടിയ്ക്ക്**

**കൃഷിക്കുള്ള പട്ടയത്തിന്റെ മറവിലുള്ള മരംകൊള്ള**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എൻ . ഷംസുദ്ദീൻ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കൃഷിക്കുള്ള പട്ടയത്തിന്റെ മറവിൽ വനംവകുപ്പ് ഉദ്യോഗസ്ഥരുടെ ഒത്താശയോടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വൻ മരംകൊള്ള നടത്തുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | തൃശ്ശൂർ മച്ചാട് ഫോറസ്റ്റ് റേഞ്ചിൽ എളനാട് ഫോറസ്റ്റ് സ്റ്റേഷനിലെ ഫോറസ്റ്റ് ഉദ്യോഗസ്ഥയെ സസ്പെൻഡ് ചെയ്യാനുണ്ടായ കാരണം വിശദീകരിക്കുമോ; പ്രസ്തുത വ്യക്തി മരംകൊള്ള സംബന്ധിച്ച് വനംവകുപ്പ് മേധാവിക്ക് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ഈ പരാതിയിന്മേൽ വനംവകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുക, മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ അനുസരിക്കാതെ അവരോട് ധിക്കാരപരമായി പെരുമാറുക, സ്റ്റേഷൻ പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിക്കുക, സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനം നടത്തുക, വനം വകുപ്പിന്റെ അന്തസ്സിൽ കളങ്കം വരുത്തുക, മഹസ്സറിൽ ഒപ്പ് വയ്ക്കാൻ വിസമ്മതിക്കുക, മേലുദ്യോഗസ്ഥർക്കെതിരെ വ്യാജ പരാതികൾ നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്നും ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ മച്ചാട് റെയിഞ്ച്, എളനാട് ഫോറസ്റ്റ് സ്റ്റേഷനിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ കുമാരി ഷഹന റഹ്മാനെ അന്വേഷണ വിധേയമായി ജോലിയിൽ നിന്നും തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടിയാൾ വനം വകുപ്പ് മേധാവിക്ക് പരാതി നൽകിയിരുന്നു. പ്രസ്തുത പരാതി ഫോറസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിൽ നിന്നും പ്രൊ(7)-3742/22 തീയതി 06.08.22 പ്രകാരം ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിനായി തൃശ്ശൂർ സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നൽകിയിട്ടുണ്ട്. ഈ പരാതിയിൽ അന്വേഷണം നടന്നു വരുന്നതായി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ